# കേരളസർവകലാശാല

നം.പി.ആർ.2/2021

## പത്രക്കുറിപ്പ്

### ഡിഫെൻസ് ക്വാട്ട, സ്പോർട്സ് ക്വാട്ട ബി.എഡ്. പ്രവേശനം – ജനുവരി 6 ന്

കേരളസർവകലാശാലയുടെ 2020–22 അദ്ധ്യയന വർഷത്തിലെ ഡിഫെൻസ് ക്വാട്ടയിലും, സ്പോർട്സ് ക്വാട്ടയിലും അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ബി.എഡ്. പ്രവേശനത്തിനായി താൽപ്പര്യമുള്ള കോളേജുകളിൽ ജനുവരി 6 ന് നേരിട്ട് ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് കോളേജുമായി ബന്ധപ്പെടുക.

**(പ്രത്യക കുറിപ്പ്:** എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### വൈവാ വോസി

കേരളസർവകലാശാല 2020 ഡിസംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എ.ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷയുടെ വൈവാ വോസി 2021 ജനുവരി 11 ന് ഗവ.വനിതാ കോളേജ്, തിരുവനന്തപുരത്ത് വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല 2021 ജനുവരി 13 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.എഡ്. ഡിഗ്രി പരീക്ഷയുടെ ജനുവരി 18 ന് നടത്താനിരുന്ന 'Edu 13 – Emerging Trends and Practices' എന്ന വിഷയം ജനുവരി 20 ലേക്ക് മാറ്റിയിരിക്കുന്നു.

### ടൈംടേബിൾ

2021 ജനുവരിയിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം. മേഴ്സി ചാൻസ് പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. ഹാൾടിക്കറ്റുകൾ അതതു പരീക്ഷാകേന്ദ്രങ്ങളിൽ നിന്ന് കൈപ്പറ്റി, ജില്ലകളിൽ നിശ്ചയിക്കപ്പെട്ട കേന്ദ്രങ്ങളിൽ പരീക്ഷയ്ക്ക് ഹാജരാകണം. തിരുവനന്തപുരം ജില്ലയിലെ കോളേജുകൾ പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്ത വിദ്യാർത്ഥികൾ എം.ജി. കോളേജ്, തിരുവനന്തപുരത്തും കൊല്ലം – പത്തനംതിട്ട ജില്ലകളിലെ വിദ്യാർത്ഥികൾ ടി.കെ.എം.ആർട്സ് ആന്റ് സയൻസ് കോളേജ്, കൊല്ലത്തും ആലപ്പുഴ ജില്ലയിലെ വിദ്യാർത്ഥികൾ എസ്.ഡി. കോളേജ്, ആലപ്പുഴയിലും പരീക്ഷ എഴുതേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാലയുടെ എട്ടാം സെമസ്റ്റർ ബി.ടെക്. റെഗുലർ (2013 സ്കീം യു.സി.ഇ., കാര്യവട്ടം) ജൂലൈ 2020 പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി കേരളസർവകലാശാല പാളയം ക്യാമ്പസിലെ റീവാല്യുവേഷൻ സെക്ഷനിൽ (ഇ.ജെ.VII ) ൽ ജനുവരി 5, 6, 7 തീയതികളിൽ ഹാജരാകേണ്ടതാണ്.

## പരീക്ഷാഫലം

2020 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. സുവോളജി (റെഗുലർ/സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ജനുവരി 14 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## റഷ്യൻ സർട്ടിഫിക്കറ്റ്, ഇന്റഗ്രേറ്റഡ് ഡിപ്ലോമ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാല റഷ്യൻ പഠനവകുപ്പ് 2021 ൽ നടത്തുന്ന റഷ്യൻ സർട്ടിഫിക്കറ്റ്, ഇന്റഗ്രേറ്റഡ് ഡിപ്ലോമ (ഒരു വർഷം) കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ്ടു/പ്രീഡിഗ്രി, അപേക്ഷാഫീസ് 100 രൂപയും രജിസ്ട്രേഷൻ ഫീസ് 105 രൂപയുമാണ്. അപേക്ഷകൾ റഷ്യൻ പഠനവകുപ്പിൽ നിന്ന് ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ ജനുവരി 20 വരെ, പാളയം സെനറ്റ് ഹൗസ് ക്യാമ്പസിലുള്ള റഷ്യൻ പഠനവകുപ്പ് ഓഫീസിൽ സ്വീകരിക്കുന്നതാണ്.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**04.01.2021**

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**